(സി) പ്രസ്തുത കോളനി വാർഡിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുകയോ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ ?

ഉത്തരം.

(എ) വക്കല ഹരിജന കോളനിക്ക് പൊതുമന്ദിരം മുതലായവ കെട്ടിമേയുന്നതിനു ഗ്രാൻറ് നൽകുന്നുണ്ട്.

(ബി) 1953–54 ൽ 208 രൂപ കൊടുത്തു.

(സി) ഇല്ല.

(ഡി) സി.യുടെ ഉത്തരം കണ്ട് ചോദ്യം ഉദിക്കുന്നില്ല.

നെൽക്കൃഷി

222. [15] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം, പനച്ചിക്കാട്ട് പകുതിയിലുള്ള മിക്ക പാടശേഖരങ്ങളിലേയും നെൽക്കൃഷിക്ക് ഒരു പുതിയ രോഗം പടർന്നു പിടിച്ചിട്ടുള്ള സംഗതി ഗവണ്മെൻറിൻെറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ എന്തു നിവാരണനടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

ഉത്തരം.

(എ) ഉണ്ട്. കോട്ടയത്തു പനച്ചിക്കാട്ട്, വിജയപുരം എന്നീ പകുതികളിൽ കൃഷിക്ക് ചില സ്ഥലങ്ങളിൽ ഒരു പുതിയതരം രോഗം (Caterpillar) പിടിപെട്ട് കാണുന്നുണ്ട്.

(ബി) രോഗനിവാരണത്തിനായി 25 ഗ്യാലൻ വെള്ളത്തിൽ ഒരു റാത്തൽ (550 guesrol) ഗിസനോം തളിക്കുന്നതിനു (spray) ചെയ്യുന്നതിനു വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ രോഗശമനത്തിനു ഈ നടപടി വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

ഭൂമി പതിവു്.

223. [19] ശ്രീ. സി. സി. അയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃശ്ശൂർ താലൂക്കിൽ മാനഞ്ചേരി പാപ്പു എന്ന സ്ഥലം ആർക്കെങ്കിലും പതിച്ചു കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആർക്കെല്ലാം, എത്ര എക്കർ വീതം ;

(ബി) ആ സ്ഥലം ഭൂമിയില്ലാത്ത കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും പതിച്ചുകൊടുക്കണമെന്നുള്ള അപേക്ഷ ഗവണ്മെൻറിലേയ്ക്കു കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി, കുപ്പി വിത്തിറക്കാൻ ചെന്ന കൃഷിക്കാരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻെറ കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly